Draft #1 of File 11300/EN8 SO/2019/AC C 1 Approved by ASSISTANT REGISTRAR XVIII EXAM on 30-Apr-2019 03:53 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മോണിറ്ററിംഗ് സെല്ലിന് കീഴിലുള്ള ഇ.എൻ സെക്ഷനുകളിലെ ജീവനക്കാർക്ക് ഇൻസെൻറ്റീവ് അനുവദിക്കുന്നതു സംബന്ധിച്ച്.

**പരീക്ഷാ വിഭാഗം എൻ 8 സെക്ഷൻ**

നമ്പർ. 1818/EN 8/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 02.05.2019

പരാമർശം:-1. .30.06.2018ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 93/18.05/181673
2. പരാമർശം (1) പ്രകാരമുള്ള ഫിനാൻസ് ഓഫീസറുടെ റിപ്പോർട്ട്
3. 18.03.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ.132/19.02/190033

**ഉത്തരവ്**

സർവ്വകലാശാല നടത്തുന്ന വിവിധ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ,മൂല്യനിർണ്ണയത്തിനായി തയാർ ചെയ്യുന്ന ഇ .എൻ സെക്ഷനുകളിലെ ജീവനക്കാർക്ക് ഇൻസെന്റീവ് അനുവദിക്കുന്നത് മൂലമുണ്ടാകുന്ന അധിക ചെലവ് കണക്കാക്കി റിപ്പോർട് സമർപ്പിക്കുവാൻ പരാമർശം (1) പ്രകാരം സിൻഡിക്കേറ്റ്, ഫിനാൻസ് ഓഫീസറോട് നിർദേശിച്ചിരുന്നു. ഇതനുസരിച്ച് സർവകലാശാല നടത്തുന്ന വിവിധ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ, മൂല്യനിർണ്ണയത്തിനായി തയാർ ചെയ്യുന്നതും പരീക്ഷാ മൂല്യനിർണ്ണയത്തിനു മുൻപും ശേഷവുമായ വിവിധ ജോലികൾ ചെയ്യുന്നതുമായ ഇ .എൻ സെക്ഷനുകളിലെ ജീവനക്കാർക്ക് അധിക ജോലിക്കും ജോലിയുടെ കായിക സ്വഭാവം പരിഗണിച്ചും(Physical Burden ) ഈ ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതിനാലും പ്രത്യേക ഇൻസെന്റീവ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 2 അനുസരിച്ചു ഫിനാൻസ് ഓഫീസർ താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1. സർവ്വകലാശാല നടത്തുന്ന വിവിധ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ, മൂല്യനിർണ്ണയത്തിനായി തയാർ ചെയ്യുന്ന ഇ .എൻ സെക്ഷനുകളിലെ ജീവനക്കാർക്ക് (ഇ എൻ 5,6,7,9,10,11,12,14,16 &17 സെക്ഷനുകൾ) 500 പേപ്പറുകൾക്കോ 1000 പേപ്പറുകൾക്കോ ഒരു ഡി.എ എന്നോ, മറ്റ് ഉചിതമായ രീതിയിലൊ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇൻസെന്റീവ് നൽകുന്നതിനുള്ള ശുപാർശ.

   i.മൂല്യനിർണ്ണയത്തിനു തയാറാകേണ്ടുന്ന ഉത്തരക്കടലാസുകൾ നിർബന്ധമായും പരീക്ഷാ കൺട്രോളറും , സിൻഡിക്കേറ്റ് ഉപസമിതി –പരീക്ഷയും തീരുമാനിക്കുന്ന തീയതിക്ക് തന്നെ സമയബന്ധിതമായി തായറാക്കേണ്ടതാണ്.

   ii.സർവ്വകലാശാലയുടെ എല്ലാ പരീക്ഷകളുടെയും ഉത്തരക്കടലാസുകൾ മോണിറ്ററിങ് സെല്ലിലൂടെ മാത്രമേ (മേൽ പരാമർശിച്ച ഇ എൻ സെക്ഷനുകൾ മുഖേന ) മൂല്യനിര്ണർണ്ണയത്തിനായി തയാർ ചെയ്യാവൂ.അതിനായി പ്രത്യേക ക്യാമ്പുകൾ ഇനി മുതൽ രൂപീകരിക്കുവാൻ പാടില്ല.

   iii.ഒരു സെക്ഷനിലേക്ക് /ഗ്രൂപ്പിലേക്ക് ഉത്തരക്കടലാസുകൾ തയാർ ചെയ്യുതിന് ആ സെക്ഷനിലേക്ക് /ഗ്രൂപ്പിലേക്ക് ലഭിച്ച ആകെ ഉത്തരക്കടലാസുകളുടെ എണ്ണത്തിന് ആനുപാതികമായി ലഭിക്കുന്ന

മൊത്തം ഡി.എ, ആ സെക്ഷനിൽ/ഗ്രൂപ്പിൽ പ്രവർത്തിച്ച എല്ലാ ജീവനക്കാരും ചേർന്ന് തുല്യമായി വീതിക്കേണ്ടതും ,ഓരോ ജീവനക്കാർക്കും അർഹതപ്പെട്ട നിരക്കിൽ ഉള്ള ഡി.എ അനുസരിച്ച് ഇൻസെൻറ്റീവ് കൈപ്പറ്റേണ്ടതുമാണ്.

2. ഇ എൻ. 1,2,3,4,& 8 സെക്ഷനുകൾ അവരുടെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ളതുകൊണ്ടും അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ടി സെക്ഷനുകളിലെ ജീവനക്കാർക്ക് ഒരു വർഷം 30 ഡി.എ എന്ന നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിനുള്ള ശുപാർശ.
3. മോണിറ്ററിങ് സെല്ലിലെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ ജീവനക്കാർക്ക് സർവ്വകലാശാലയിലെ മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ ജീവനക്കാർക്ക് നല്കുന്ന അതേ നിരക്കിൽ ഓരോ മാസവും വേതനം നൽകുന്നതിനും ,ഓവർ ടൈം ജോലി ചെയ്യേണ്ടിവരുമ്പോൾ ഒരു മണിക്കൂറിന് 75 (എഴുപത്തിയഞ്ച് രൂപ ) എന്ന നിരക്കിൽ ഓവർ ടൈം അലവൻസ് നൽകുന്നതിനുള്ള ശുപാർശ.
4. മേൽ ശുപാർശകൾക്കെല്ലാം 01.01.2019 മുതൽ പ്രാബല്യം നൽകുന്നതിനുള്ള ശുപാർശ.

പരാമർശം (3 ) അനുസരിച്ച് 18.03.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ 132/19.02/190033 പ്രകാരം, ഇ എൻ സെക്ഷനുകളിലെ ജീവനക്കാർക്ക് ഇൻസെന്റീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻസ് ഓഫീസർ നൽകിയ റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. അത് 1000 പേപ്പറുകൾക്ക് ഒരു ഡി.എ എന്ന് തീരുമാനിക്കുന്നതിനും മറ്റ് ക്യാമ്പുകളിൽ പങ്കെടുക്കുന്നവർക്ക് ഇത് ബാധകമല്ല എന്നും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിജയതിലകൻ .വി

അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
രജിസ്ട്രാർ ഫിനാൻസ് ഓഫീസർ കൺട്രോളർ ഓഫ് എക്സാമിനേഷൻ എന്നിവരുടെ പി എ മാർ
ജെ ആർ 1 (പരീക്ഷ )
ജെ ആർ IV (പരീക്ഷ )
എ ആർ ഫിനാൻസ്
ഡി ആർ VIII (പരീക്ഷ )/ എ ആർ V (പരീക്ഷ )
സി ഇ സെക്ഷൻ
ഇ എൻ 1 മുതൽ 17 വരെ സെക്ഷനുകൾ
എ സി സി സെക്ഷൻ
എക്സാം ഓഡിറ്റ് 1,2,3 സെക്ഷനുകൾ
എക്സാം ക്യാഷ്
ഐ ക്യു എ സി / സി എം എസ്
ജോയിന്റ് ഡയറക്ടർ കെ എസ് എ ഡി
എസ് എഫ് / എഫ് സി

Draft #1 of File 11300/EN8 SO/2019/AC C 1 Approved by ASSISTANT REGISTRAR XVIII EXAM on 30-Apr-2019 03:53 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം